(ബി) ഇല്ല.

(സി) കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്ന വാർഷികഗ്രാന്റ്, ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ്, ഇൻഡ്യൻ അറ്റോമിക് എനർജി ഏജൻസിയിൽ നിന്നുള്ള ധനസഹായം, കൂടാതെ ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ ക്യാൻസർ, ജോൺ ഹോക്കിൻസ് യൂണിവേഴ്സിറ്റി (അമേരിക്ക), ജപ്പാനിലെ ഹെൽത്ത് റിസർച്ച് ഫൗണ്ടേഷൻ, അമേരിക്കയിലെ നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളിൽനിന്നും അവർ അംഗീകരിച്ച റിസർച്ച് പ്രോജക്ടുകൾ നടത്തുന്നതിനാവശ്യമായ ധനസഹായവും ലഭിക്കുന്നുണ്ട്.

(ഡി) രക്താർബുദരോഗികൾക്കാവശ്യമായ രക്തഘടകങ്ങൾ വേർതിരിച്ച് നൽകുന്നതിനുള്ള പ്ലാസ്മ അഫറസിസ് സങ്കേതം ആർ. സി. സി. യിൽ ഉണ്ട്.

(ഇ) കൂടുതൽ ജീവനക്കാരും വിലകൂടിയ ഉപകരണങ്ങളും അതിലേയ്ക്ക് ആവശ്യമായ രാസപദാർത്ഥങ്ങളും ആവശ്യമുള്ളതിനാൽ ഇപ്പോഴത്തെ അവസ്ഥയിൽ പ്രായോഗികമല്ല.

വ്യവസായശാലകളിൽനിന്നും ഉണ്ടാകുന്ന മലിനീകരണം തടയുവാൻ നടപടി

8(*293) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായശാലകളിൽ നിന്നും പുറംതള്ളുന്ന മാലിന്യംമൂലം ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണം, ജലമലിനീകരണം എന്നിവ തടയുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ ഇതനുസരിച്ച് എത്ര വ്യവസായശാലകളിൽ മലിനീകരണം തടയുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി എന്ന് വ്യക്തമാക്കുമോ ;

(സി) ഇനി എത്ര വ്യവസായശാലകളിൽക്കൂടി നടപടികൾ പൂർത്തിയാക്കാനുണ്ട് ; എവിടെയെല്ലാം എന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉണ്ട്. സംസ്ഥാനത്തെ വ്യവസായശാലകളിൽനിന്നും പുറംതള്ളുന്ന വസ്തുക്കൾമൂലം ഉണ്ടാകുന്ന മലിനീകരണം ഫലപ്രദമായി തടയുന്നതിനുള്ള നിയമങ്ങൾക്കനുസൃതമായി സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് നടപടികൾ കൈകൊണ്ടുവരുന്നു. വ്യവസായശാലകളിൽ നിന്ന് പാഴ്ജലം പുറന്തള്ളുന്നത് നിയന്ത്രിക്കുന്നതിന് ജലനിയമപ്രകാരവും പാഴ് വായുവും, ശബ്ദവും നിയന്ത്രിക്കുന്നത് വായു നിയമപ്രകാരവും നിബന്ധനാവിധേയമായി

LIBRARY ARCHIVES Kerala Legislative Assembly

അനുമതിപത്രങ്ങൾ നൽകിവരുന്നു. അപകടകാരികളായ പാഴ് വസ്തുക്കൾ കൈകാര്യം ചെയ്യുന്ന വ്യവസായശാലകൾക്ക് നിബന്ധനാ വിധേയമായ ആതറൈസേഷൻ നൽകുന്നു. നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉദ്യോഗസ്ഥർ പരിശോധന നടത്തി ഉറപ്പാക്കുന്നു. നിർദ്ദേശങ്ങൾ പാലിക്കാത്ത വ്യവസായശാലകൾ അടച്ചുപൂട്ടിക്കുകയോ അവയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയോ ചെയ്തുവരുന്നു.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മിക്കവാറും എല്ലാ വൻകിട, ചെറുകിട വ്യവസായശാലകളിലും മലിനീകരണ സാദ്ധ്യതയുള്ള ചെറുകിട വ്യവസായശാലകളിലും ആവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(സി) മലിനീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ കാര്യമായ പുരോഗതി കൈവരിക്കേണ്ട സ്ഥാപനങ്ങളിൽ മുഖ്യമായവ:-

1. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്, തിരുവനന്തപുരം. (ജല മലിനീകരണം)
2. ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡ്, കോഴിക്കോട് (ജല, വായു മലിനീകരണം)
3. എഫ്. എ. സി. റ്റി. കൊച്ചിൻ ഡിവിഷൻ (ജല മലിനീകരണം)
4. കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽ ലിമിറ്റഡ്, എറണാകുളം (ജല, വായു മലിനീകരണം)
5. കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ആന്റ് ഡിസ്റ്റിലറി, പാലക്കാട് (ജല മലിനീകരണം).

LIBRARY ARCHIVES Kerala Legislative Assembly

മെന്റൽ ഹെൽത്ത് അതോറിറ്റി

9(*294) ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എ. കണാരൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മെന്റൽ ഹെൽത്ത് അതോറിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ മാനസികരോഗാശുപത്രികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത മേഖലയിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചു എന്ന് വെളിപ്പെടുത്തുമോ ;